ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: പഞ്ചായത്തുബോർഡ് ജീവനക്കാർക്കു്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കു് ബാധകമാക്കാൻ ഉദ്ദേശിക്കുന്ന 3 ക. യും, 5 ക. യും ബാധകമാക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: പഞ്ചായത്തുകാർക്കുകൂടി ബാധകമാക്കാം.

പ്രീയൂണിവേഴ്സിറ്റിക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ

* 563. [3] ശ്രീ. പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963-64 അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്തെ കോളേജുകളിൽ പ്രീയൂണിവേഴ്സിറ്റിക്ലാസ്സിൽ ആകെ എത്ര കുട്ടികൾ പഠിക്കുന്നുണ്ടു്;

(ബി) അവരിൽ ആൺകുട്ടികളെത്ര; പെൺകുട്ടികളെത്ര;

(സി) ഗവണ്മെൻറ് കോളേജുകളിൽ മേൽപ്പറഞ്ഞ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ എത്ര?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 27,262 കുട്ടികൾ.

(ബി) 17,597 ആൺകുട്ടികളും, 9,665 പെൺകുട്ടികളും.

(സി) 4,526 കുട്ടികൾ.

സോഷ്യൽ വെൽഫെയർബോർഡു്.

* 564. [4] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നു നിലവിലുള്ള സോഷ്യൽ വെൽഫെയർബോർഡു് രൂപീകരിച്ചതെന്നാണു്;

(ബി) ഡിസ്ട്രിക്റ്റുതോറും സോഷ്യൽവെൽഫെയർ ബോഡിന്റെ പ്രവർത്തനത്തെപ്പറ്റി ഉപദേശിക്കുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്;

(സി) ഓരോ ഡിസ്ട്രിക്റ്റിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ പട്ടികജാതിയിൽനിന്നും ആരെയെങ്കിലും എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയെല്ലാം?

മുഖ്യമന്ത്രി (ശ്രീ. ആർ ശങ്കർ):

(എ) 1-4-1963-ൽ.

(ബി) എല്ലാ റവന്യൂ ഡിസ്ട്രിക്റ്റിൽനിന്നും ഓരോ അന്യോഗസ്ഥാംഗത്തെ ബോർഡിലേക്കു് എടുത്തിട്ടുണ്ടു്.

(സി) ഓരോ ഡിസ്ട്രിക്റ്റിലും പ്രത്യേകം പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല.

ശ്രീ. പി. സി. ആദിച്ചൻ: സോഷ്യൽ വെൽഫെയർ ബോർഡു മുഖേനയുള്ള പ്രവർത്തനങ്ങളിൽ ഹരിജനങ്ങൾക്കു് കൂടുതൽ പ്രയോജനപ്രദമാകുന്നതിനുവേണ്ടി എന്തെല്ലാം കാര്യങ്ങളാണു് നടത്തിയിരുന്നതു്?

ശ്രീ. ആർ. ശങ്കർ: സോഷ്യൽ വെൽഫെയർ ബോർഡിന്റെ പ്രവർത്തനം ഹരിജനങ്ങളെ പ്രത്യേകം കരുതിയുള്ളതല്ല. സോഷ്യലായി പ്രവർത്തനമർഹിക്കുന്ന പല ആളുകളേയും കരുതിയുള്ള പ്രവർത്തനമാണു്. ഹരിജനങ്ങൾക്കു് പ്രത്യേകമായിട്ടുള്ള പ്രവർത്തനങ്ങളും ഹരിജൻ ഡിപ്പാർട്ടുമെൻറിൽനിന്നാണു് നടത്തുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly